**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന ജാഗ്രതാസമിതികൾ വാർഡ് തലത്തിലും ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ.ഉ.(കൈ)നം. 84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം. 86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തുവാനും ആയത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കരാർ അടിസ്ഥാനത്തിൽ ഒരു കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. ജാഗ്രതാസമിതിയുടെ ഏകോപന ചുമതല കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്കാണ്. |
| (ബി) | ജാഗ്രതാസമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനായി പരിശീലന മൊഡ്യൂൾ തയ്യാറാക്കി, തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യപ്പെടുന്ന പ്രകാരം റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടുകൂടി ജാഗ്രതാസമിതി അംഗങ്ങൾക്ക് കില പരിശീലനം നൽകി വരുന്നുണ്ട്. ഇതിനായി കൈപ്പുസ്തകവും തയ്യാറാക്കി ജാഗ്രതാസമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെയും ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ